**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 451** **24-03-2025 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ദീർഘകാലത്തെ പ്രവാസജീവിതത്തിനുശേഷം സംസ്ഥാനത്ത് തിരിച്ചെത്തുന്ന പ്രവാസികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ പ്രവാസി മലയാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മടങ്ങിയെത്തുന്ന പ്രവാസികൾക്ക് ചികിത്സയ്ക്കും പുനരധിവാസത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (ബി) | പ്രവാസികാര്യ വകുപ്പിനു കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**ചികിത്സാ ധനസഹായ പദ്ധതികൾ:**<br>**(I)** സാന്ത്വന പദ്ധതി<br>(II) കേരള പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയുള്ള ചികിത്സാ ധനസഹായം<br><br>**പുനരധിവാസ പദ്ധതികൾ:**<br>**(I) നോർക്ക വകുപ്പ് പ്രോജക്റ്റ് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM).**<br>**(II) പ്രവാസി ഭദ്രത**<br>**(III) നോർക്കാ അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME)**<br><br>വിശദാംശങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു. |
| (സി) | വിദേശത്തുവച്ചുണ്ടാകുന്ന അപകടങ്ങളിൽ മാരകമായി പരിക്കേൽക്കുന്നവർക്കും ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്കും എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കുമോ; | (സി) | വിദേശത്തുവച്ചുണ്ടാകുന്ന അപകടങ്ങളിൽ മാരകമായി പരിക്കേൽക്കുന്നവർക്ക് ചികിത്സാ ധനസഹായവും ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായവും അനുവദിച്ചുവരുന്നുണ്ട്. വിവിധ സഹായങ്ങൾ/പദ്ധതികൾ ചുവടെ ചേർക്കുന്നു:<br>**(I) പ്രവാസി രക്ഷാ ഇൻഷ്വറൻസ് പോളിസി**<br>**(II) നോർക്ക എമർജൻസി റീപാട്രിയേഷൻ**<br>**(III) നോർക്ക എമർജൻസി ആംബുലൻസ്** |

| | | | |
|---|---|---|---|
| | | | **സർവ്വീസ് പദ്ധതി.**<br>**(IV) സാന്ത്വന പദ്ധതി**<br>**(V) മരണാനന്തര ധനസഹായം**<br><br>വിശദാംശങ്ങൾ അനുബന്ധം (II) ആയി ചേർക്കുന്നു. |
| (ഡി) | പ്രവാസി ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും കാലാനുസൃതമായി നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. അംഗങ്ങൾക്കായി ബോർഡ് നടത്തിവരുന്ന ക്ഷേമ പദ്ധതികൾ സംബന്ധിച്ച് വിദേശത്തും സ്വദേശത്തുമുള്ള പ്രവാസികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും പദ്ധതികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ബ്രോഷറുകൾ, ലഘുരേഖകൾ എന്നിവ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. സോഷ്യൽ മീഡിയ വഴി പ്രവാസികളുമായി ആശയവിനിമയം നടത്തുന്നതിനും ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ കൂടുതൽ പ്രചാരണം നൽകുന്നതിനും ശ്രമങ്ങൾ തുടർന്ന് വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (I)

### നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ

**(I) സാന്ത്വന (സമാശ്വാസനിധി)**

പ്രവാസജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയ, സാമ്പത്തികവും, ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസികുടുംബങ്ങളുടെ സഹായത്തിനായി രൂപീകരിച്ച സമാശ്വാസപദ്ധതിയാണ് സാന്ത്വന. ഈ പദ്ധതി മുഖേന മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, അംഗപരിമിത പരിഹാര ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം (വീല് ചെയർ, ക്രച്ചസ്, കൃത്രിമ കൈകാലുകൾ മുതലായവ വാങ്ങുന്നതിന്) എന്നിവയാണ് നല്കി വരുന്നത്.

2016-2021 കാലയളവിൽ 15956 കുടുംബങ്ങൾക്ക് 95.26 കോടിരൂപയുടെ ധനസഹായം ലഭ്യമാക്കി. 2021 സാമ്പത്തിക വർഷം മുതൽ 2025 മാർച്ച് 10 വരെ 17502 പ്രവാസി കുടുംബങ്ങൾക്കായി 106.48 കോടി രൂപയുടെ സാമ്പത്തിക സഹായം ലഭ്യമാക്കി. 2016 മുതല് ഇതുവരെ 33458 പ്രവാസികുടുംബങ്ങൾക്കാണ് സഹായമെത്തിക്കാനായത്.

**(II) പുനരധിവാസ പദ്ധതികൾ**

**(A) നോർക്ക വകുപ്പ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM).**

പ്രവാസജീവിതം അവസാനിപ്പിച്ച് മടങ്ങിവരുന്നവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നല്കുന്ന പുനരധിവാസപദ്ധതിയാണ് നോർക്ക വകുപ്പ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM). സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന നൽകുക. 19 ബാങ്കിങ് ധനകാര്യ സ്ഥാപനങ്ങളുടെ സംസ്ഥാനത്തെ ഏഴായിരത്തിലധികം ശാഖകൾവഴി സേവനം ലഭിക്കുമെന്നതാണ് പ്രത്യേകത.

2016 ഏപ്രിൽ മുതൽ 2021 വരെ 6151 ലധികം സംരംഭങ്ങളും 2021 ഏപ്രിൽ മുതൽ 2025 മാർച്ച് 10 വരെ 4375 അധികം പ്രവാസിസംരംഭങ്ങളുമൾപ്പെടെ **10,526** പ്രവാസിസംരംഭങ്ങക്ഷ എൻ.ഡി.പി.ആർ.ഇ.എം. പദ്ധതിവഴി ആരംഭിക്കാനായി. ഇതിലൂടെ

മൂലധന സബ്സിഡി നൽകിയ ഇനത്തൽ 90.31 കോടി രൂപയും പലിശ സബ്സിഡി ഇനത്തിൽ 16.06 കോടി രൂപയും വിനിയോഗിച്ചു. ഇതിലൂടെ സബ്സിഡി നല്കിയ ഇനത്തില് ആകെ 106.38 കോടി രൂപ ചെലവഴിച്ചു.

**(B) പ്രവാസി_ഭദ്രത**

കോവിഡ് 19 മഹാമാരിയെത്തുടർന്ന് യാത്രാവിലക്ക് മൂലം തിരിച്ച് തൊഴിലിടങ്ങളിൽ പോകാൻ കഴിയാതെ പ്രതിസന്ധിയിലായവരെയും തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്നവർക്കും, സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളവർക്കുമായി 2021 - 2022 സാമ്പത്തിക വർത്തിൽ ആരംഭിച്ച പദ്ധതിയാണ് പ്രവാസി ഭദ്രത. പേൾ, മൈക്രോ, മെഗാ എന്നീ മൂന്ന് ഉപപദ്ധതികളിലൂടെ ധനസഹായം നല്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ 2021-22 സാമ്പത്തിക വർഷം 5171 സംരംഭങ്ങളും, 2022-23 സാമ്പത്തിക വർഷം 7359 സംരംഭങ്ങളും 2023-24 സാമ്പത്തിക വർഷം 1376 സംരംഭങ്ങളും, 2024-25 സാമ്പത്തിക വർഷം 7894 സംരംങ്ങളും ഉൾപ്പെടെ (2025 മാർച്ച് 10 വരെ) **21,800** പ്രവാസികേരളീയർക്ക് സ്വയം തൊഴിലോ സംരംഭങ്ങളോ ആരംഭിക്കാനായി. ഇതിനായി പലിശ, മൂലധന സബ്സിഡി ഇനത്തിൽ 118.98 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

(I) **പ്രവാസി ഭദ്രതാ – പേൾ (നാനോ എന്റർപ്രൈസസ്സ് അസിസ്റ്റന്റ്സ് സ്കീം**) - അവിദഗ്ധ തൊഴിൽ മേഖലയിൽ നിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽ പെട്ടവർക്കായി കുടുംബശ്രീ മുഖാന്തരം ഒരാൾക്ക് പരാമാവധി 2 ലക്ഷംരൂപ വായ്പ നൽകുന്നു

**(II) പ്രവാസി ഭദ്രതാ – മൈക്രോ (മൈക്രോ എന്റർപ്രൈസസ്സ് അസിസ്റ്റന്റ്സ് സ്കീം)** - ചെറുകിടതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി കെ.എസ്.എഫ്.ഇ/കേരള ബാങ്ക് മുഖാന്തരം ഒരാൾക്ക് പരാമാവധി 5 ലക്ഷം രൂപ വായ്പയ്ക്ക് പരമാവധി 1 ലക്ഷം രൂപ മൂലധനസബ്സീഡി + 3% പലിശസബ്സീഡി നൽകുന്നു.

(III) **പ്രവാസി ഭദ്രതാ - മെഗാ സ്പെഷ്യൽ അസിസ്റ്റന്റ്സ് സ്കീം**)- വ്യവസായസംരംഭങ്ങൾക്കാ2 കോടി രൂപവരെ വായ്പയ്ക്ക് 3.5% പലിശസബ്സീഡി നൽകുന്നു.

**(C). നോർക്കാ_അസിസ്റ്റഡ്_& മൊബിലൈസ്ഡ്_എംപ്ലോയ്മെന്റ്_(NAME)**

പ്രവാസികൾ ആർജ്ജിച്ച അറിവും അനുഭവ പരിചയവും കേരളത്തിലെ എല്ലാ മേഖലയിലുമുള്ള സംരംഭങ്ങൾക്ക് ഉപയോഗ പ്രദമാകുന്നതിലൂടെ തിരികെ എത്തിയ പ്രവാസികൾക്ക് നാട്ടിൽ

തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച പദ്ധതിയാണ് നോർക്കാ അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME).

**കേരള പ്രവാസി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ**

**ചികിത്സാ ധനസഹായം** - ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെയും കല്പിതാംഗങ്ങളുടെയും ചികിത്സയ്ക്കായി ഒരംഗത്തിന് മുഴുവൻ അംഗത്വ കാലയളവിൽ 50,000/- രൂപയെന്ന പരമാവധി പരിധിക്ക് വിധേയമായി ചികിത്സാ ധനസഹായം അനുവദിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

## അനുബന്ധം (II)

### നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ

**(I) നോർക്ക പ്രവാസി തിരിച്ചറിയൽ കാർഡ്**

വിദേശത്ത് താമസിക്കുന്ന കേരളീയർക്കായി നോർക്ക റൂട്ട്സ് ഏർപ്പെടുത്തിയിട്ടുള്ള തിരിച്ചറിയൽ കാർഡ് ആണ് ***നോർക്ക പ്രവാസി തിരിച്ചറിയൽ കാർഡ്.*** ഈ പദ്ധതിയിൽ അംഗമാകുന്ന പ്രവാസിക്ക് അപകടം മൂലമുള്ള മരണത്തിന് 4 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും, അപകടം മൂലമുള്ള ഭാഗികമായോ/സ്ഥിരമായോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും നൽകിവരുന്നു. പോളിസി തുക 372/- രൂപ. 18 -70 വയസ്സ് വരെയുള്ള പ്രവാസികൾക്ക്. കാർഡിന്റെ കാലാവധി 3 വർഷം. ലോകത്തെ 181 രാജ്യങ്ങളിലെ പ്രവാസികേരളീയരെ കണ്ടെത്തുന്നതിനും അവരുടെ വിവരശേഖരണത്തിനും ഐഡി കാർഡ് സേവനം സഹായകരമായി.. 2016 മുതല് 2025 മാർ 10 വരെ 7,53,310 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകാൻ കഴിഞ്ഞു.

**(II) പ്രവാസി രക്ഷാ ഇൻഷ്വറൻസ് പോളിസി**

വിദേശത്ത് ആറ് മാസത്തിൽ കൂടുതൽ താമസിച്ചു വരുന്ന പ്രവാസികൾക്ക് ഗുരുതര രോഗങ്ങൾക്കായി 2021 മുതൽ പ്രവാസി രക്ഷാ ഇൻഷ്വറൻസ് പോളിസി നടപ്പാക്കിവരുന്നു. ഗുരുതര അസുഖങ്ങൾക്ക് ഒരു ലക്ഷം രൂപയുടെയും, അപകട മരണത്തിന് രണ്ട് ലക്ഷം രൂപയുടെയും അപകടം മൂലമുള്ള വൈകല്യത്തിന് പരമാവധി ഒരു ലക്ഷം രൂപയുടെയും പരിരക്ഷ നൽകിവരുന്നു. പോളിസി പ്രീമിയം തുക 649/- രൂപ. പോളിസിയുടെ കാലാവധി 1 വർഷം. 2021 മുതൽ 2025 ജനുവരി 10 വരെ 47749 പ്രവാസികേരളീയർ ഈ ഇൻഷ്വറൻസ് സ്കീമിൽ അംഗമായിട്ടുണ്ട്.

**(III) നോർക്ക എമർജൻസി റീപാട്രിയേഷൻ**

അടിയന്തിര സാഹചര്യങ്ങളിൽ വിദേശ രാജ്യങ്ങളിൽ നിന്നും പ്രവാസി കളെ സ്വദേശത്തേക്ക് തിരിച്ചെത്തിക്കുന്നതിനും, വിദേശ രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസി കേരളീയരുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുമായി നോർക്ക എമർജൻസി റീപാട്രിയേഷൻ ഫണ്ടും അതിന്റെ നോർക്ക അസ്സിസ്റ്റഡ് ബോഡി റീപാട്രിയേഷൻ പദ്ധതിയും നിലവിലുണ്ട്. വിദേശത്ത് മരണമടയുന്ന മലയാളികളുടെ ഭൗതീകശരീരം തൊഴിൽ ദാതാവോ, സ്പോൺസറോ, എംബസിയോ നാട്ടിലെത്തിക്കുകയാണ് ചെയ്തുവരുന്നത്. ഇത് സാധിക്കാതെ വരുന്ന

സന്ദർഭങ്ങളിൽ സഹായിക്കുന്നതിനാണ് നോർക്ക അസ്സിസ്റ്റഡ് ബോഡി റീപാട്രിയേഷൻ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

**(IV) നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് പദ്ധതി.**

അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന മലയാളികളെയും വിദേശത്തും ഇതര സംസ്ഥാനങ്ങളിലും മരണപ്പെടുന്ന മലയാളികളുടെയും ഭൗതികശരീരം എയർപോർട്ടിൽ നിന്ന് ആശുപത്രിയിലോ, വീട്ടിലോ എത്തിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന സൗജന്യ ആംബുലൻസ് സേവനം നോർക്ക റൂട്ട്സ് നല്കിവരുന്നു. കേരളത്തിലെയും മംഗലാപുരം, കോയമ്പത്തൂർ എന്നിവിടങ്ങളിലെയും വിമാനത്താവളങ്ങളിൽ നിന്നുമാണ് ഈ സേവനം ഏർപ്പാടാക്കിയിട്ടുള്ളത്. ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷന്റെ സഹകരണത്തോടെയാണ് നോർക്ക റൂട്ട്സ് ടി പദ്ധതി നടപ്പാക്കുന്നത്. 2018 ജൂണിൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം 2021 വരെ 870 പേർക്ക് സഹായം നല്കാൻ സാധിച്ചു. ഇതിനായി 2.10 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. 2021 മേയ് മുതൽ 2025 മാർച്ച് 10 വരെ 1846 പ്രവാസികൾക്ക് സൗജന്യ എമർജൻസി ആംബുലൻസ് സേവനം ലഭ്യമാക്കിയിട്ടുണ്ട്.

**(V) സാന്ത്വന പദ്ധതി**

വിദേശത്ത് വെച്ചുണ്ടാവുന്ന അപകടങ്ങളിൽ മാരകമായി പരിക്കേൽക്കുന്നവർക്കും ജീവൻ നഷ്ടപ്പെടുന്നവർക്കും, അവരുടെ കുടുംബാംഗങ്ങൾക്കും, പ്രവാസജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയ സാമ്പത്തികവും, ശാരീരികവുമായി അവശത അനുഭവിക്കുന്ന പ്രവാസികുടുംബങ്ങളുടെയും സഹായത്തിനായി രൂപീകരിച്ച സമാശ്വാസപദ്ധതിയാണ് സാന്ത്വന. പ്രസ്തുത പദ്ധതിയിലൂടെ, സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി മരണാനന്തര ധനസഹായം (പരമാവധി 1,00,000 രൂപ വരെ) നല്കി വരുന്നത്.

**കേരള പ്രവാസി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ**

**മരണാനന്തര ധനസഹായം** - പ്രവാസി ക്ഷേമ നിധിയിൽ അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് 50,000/- രൂപയും വിദേശത്തു നിന്നും തിരിച്ചു വന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് 30,000/- രൂപയും പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് 25,000/- രൂപയും കല്പിതാംഗങ്ങളുടെ ആശ്രിതർക്ക് 20,000/- രൂപയും മരണാനന്തര ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

## വിശദീകരണകുറിപ്പ്

ഒരു ഏകജാലക ഏജൻസി എന്ന നിലയിൽ 1996-ലാണ് പ്രവാസി മലയാളികാര്യ വകുപ്പ് നിലവിൽ വന്നത്. പ്രവാസി മലയാളികളുടെ സർവ്വോനമുഖമായ ക്ഷേമമാണ് വകുപ്പ് കൈകാര്യം ചെയ്യുന്നത്. ലോകത്താകമാനമുള്ള പ്രവാസി മലയാളികളുടെ ക്ഷേമം ഉറപ്പാക്കുക, പരാതി പരിഹാരം, അവകാശ സംരക്ഷണം, നാട്ടിലേക്ക് മടങ്ങിയെത്തുന്നവരുടെ പുനരധിവാസം, പ്രവാസി നിക്ഷേപം സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് നോർക്കയുടെ പ്രധാന ലക്ഷ്യങ്ങൾ. നോർക്ക വകപ്പിന്റെ പ്രവർത്തനങ്ങൾ വകുപ്പ് നേരിട്ടും പൊതുമേഖലാ സ്ഥാപനമായ നോർക്ക-റൂട്ട്സ്, കേരളീയ പ്രവാസി ക്ഷേമനിധി ബോർഡ് എന്നിവ മുഖാന്തിരവും നടപ്പിലാക്കി വരുന്നത്. നോർക്ക റൂട്സ് കേരളത്തിന് പുറത്ത്, ഇന്ത്യക്കു അകത്തും വിദേശത്തുമായുള്ള പ്രവാസി മലയാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി ഒരു സമഗ്ര ആരോഗ്യ പദ്ധതി ആവിഷ്കരിച്ചു വരുന്നുണ്ട്.

കേരളീയ പ്രവാസി ക്ഷേമനിധി ബോർഡ് മുഖേന പ്രവാസികൾക്കായി പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 8 ലക്ഷത്തോളം പ്രവാസി കേരളീയർ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുണ്ട്. പ്രവാസി ക്ഷേമ നിധിയിൽ നിലവിൽ എട്ടു ലക്ഷത്തിൽപരം അംഗങ്ങളും, എഴുപപതിനായിരത്തോളം പെൻഷൻകാരും ഉണ്ട്. പ്രതിമാസം ഏകദേശം എണ്ണായിരത്തോളം പ്രവാസികൾ പുതുതായി അംഗത്വ അപേക്ഷ സമർപ്പിക്കുമ്പോൾ രണ്ടായിരത്താളം പേർ പുതുതായി പെൻഷന് അർഹത നേടുന്നുണ്ട്. പ്രതിമാസ മിനിമം പെൻഷൻ ഏകീകൃത നിരക്കായ 2000/- രൂപയിൽനിന്നും 1എ വിഭാഗത്തിന് 3500/- രൂപയായും 1ബി, 2എ വിഭാഗത്തിന് 3000/- രൂപയായും 01.04.2022 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. നേരത്തെ അംഗത്വമെടുത്ത് കൃത്യമായി അംശദായം അടയ്ക്കുന്നവർക്ക് പരമാവധി 7000/- രൂപ വരെ പെൻഷൻ ലഭിക്കുന്നതാണ്. പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2024 ഡിസംബർ 30ന് തമ്പാനൂർ റെയിൽ കല്യാണ മണ്ഡപത്തിൽവെച്ച് നടത്തിയ മെമ്പർഷിപ്പ് ക്യാമ്പയിനും, പരാതി പരിഹാരവും, കുടിശ്ശിക നിവാരണ യജ്ഞവും വിജയകരമായിരുന്നു.

### പ്രവാസി ഭദ്രതാ

വിദേശരാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന പ്രവാസി കേരളീയർ തൊഴിൽ നഷ്ടപ്പെട്ട് തിരികെ നാട്ടിലെത്തുന്നത് വ്യാപകമായതോടെ, തൊഴില് നഷ്ടപ്പെട്ടവരെയും, കോവിഡ് 19 മഹാമാരിയെത്തുടർന്ന് യാത്രാവിലക്ക് മൂലം തിരിച്ചു തൊഴിലിടങ്ങളിൽ പോകാൻ കഴിയാതെ പ്രതിസന്ധിയിലായവരെയും പുനരധിവസിപ്പിക്കുന്നതിലേയ്ക്കാ 3 വിവിധ വായ്പാ പദ്ധതികളാണ് പ്രവാസി ഭദ്രതാ പദ്ധതിയില് ഉൾപ്പെടുത്തിയിരിക്കുന്നത്.

- അവിദഗ്ധ തൊഴിൽ മേഖലയിൽ നിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽ പെട്ടവർക്കായി കുടുംബശ്രീ മുഖാന്തരം - പ്രവാസി ഭദ്രതാ – പേൾ (ഒരാൾക്ക് പരാമാവധി 2 ലക്ഷംരൂപ വായ്പ)

- ❒ ചെറുകിടതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി കെ.എസ്.എഫ്.ഇ/കേരള ബാങ്ക് മുഖാന്തരം - പ്രവാസി ഭദ്രതാ - മൈക്രോ (ഒരാൾക്ക് പരാമാവധി 5 ലക്ഷം രൂപ വായ്പയ്ക്ക് പരമാവധി 1 ലക്ഷംരൂപ മൂലധനസബ്സീഡി + 3% പലിശസബ്സീഡി)
- ❒ വ്യവസായസംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സി മുഖാന്തരം - പ്രവാസി ഭദ്രതാ - മെഗാ (ഒരാൾക്ക് പരാമാവധി 2 കോടിരൂപ വരെ വായ്പകൾക്ക് 3.5% പലിശസബ്സീഡി) പരാമാവധി 2 കോടിരൂപ വരെ വായ്പയ്ക്ക് 3.5% പലിശസബ്സീഡി നൽകുന്നു.

**പ്രവാസി ഭദ്രത - മൈക്രോ (മൈക്രോ എന്റർപ്രൈസസ്സ് അസിസ്റ്റന്റ്സ് സ്കീം)**

കേരളാ ബാങ്ക്, കെ.എസ്.എഫ്.ഇ തുടങ്ങിയ ധനകാര്യസ്ഥാപനങ്ങള് മുഖേന സ്വയംതൊഴില് വായ്പ ലഭ്യമാക്കുന്ന ഈ പദ്ധതിയുടെ സവിശേഷതകള് ചുവടെ ചേര്ക്കുന്നു.

1. 5 ലക്ഷം വരെയുള്ള വായ്പ
2. പദ്ധതി തുകയുടെ 25% പരമാവധി 1 ലക്ഷം വരെ മൂലധനസബ്സിഡി
3. ആദ്യ നാലു വർഷം 3% പലിശസബ്സിഡി

- **പദ്ധതി നടത്തിപ്പ്**

1. കേരളാ ബാങ്ക്, കെ.എസ്.എഫ്.ഇ തുടങ്ങിയ ധനകാര്യസ്ഥാപനങ്ങൾ മുഖേന സ്വയംതൊഴിൽ വായ്പാ സൗകര്യം.
2. മേല്പ്പറഞ്ഞ ധനകാര്യസ്ഥാപനങ്ങള് മുഖാന്തിരം അപേക്ഷ സമർപ്പിച്ച് അനുവദിക്കുന്ന വായ്പകള്ക്ക് പദ്ധതി തുകയുടെ 25% പരമാവധി 1 ലക്ഷം വരെ മൂലധന സബ്സിഡി
3. കൃത്യമായ തിരിച്ചടവുകൾക്ക് ത്രൈമാസക്കാലയളവിൽ പലിശസബ്സിഡി
4. സബ്സിഡി വിതരണവും അനുബന്ധ മാനദണ്ഡങ്ങളും നോർക്ക വകുപ്പ് പ്രോജക്ട് ഫോർ റിട്ടേണഡ് എമിഗ്രന്റ്സ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കും.

**<u>പ്രവാസി ഭദ്രത - മെഗാ (സ്പെഷ്യല് അസിസ്റ്റന്റ്സ് സ്കീം)</u>**

സംസ്ഥാന സര്ക്കാര് കെ.എസ്.ഐ.ഡി.സി മുഖാന്തരം നടപ്പിലാക്കുന്ന സംരംഭകത്വ ധനസഹായ പദ്ധതിയിലെ ഗുണഭോക്താക്കളായ പ്രവാസീകേരളീയർക്ക് അനുവദിക്കുന്ന വായ്പ്പകള്ക്ക് പലിശസബ്സീഡി. 25 ലക്ഷം മുതല് 2 കോടിരൂപ വായ്പകള്ക്കാണ് പലിശസബ്സീഡി. 8.25% മുതൽ 8.75% വരെ പലിശ ഈടാക്കുന്ന വായ്പകളില് 5% മാത്രം ഗുണഭോക്താക്കളില് നിന്ന് ഈടാക്കി ബാക്കി 3.25% മുതല് 3.75% വരെ പലിശ ഗുണഭോക്താക്കള്ക്ക് പലിശ സബ്സീഡി ഇനത്തില് തിരികെ നല്കുന്നതായിരിക്കും.

**<u>പ്രവാസി ഭദ്രത – പേൾ</u>** <u>(നാനോ എന്റർപ്രൈസസ്സ് അസിസ്റ്റൻസ് സ്കീം)</u>

അവിദഗ്ദ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിലൽ വരുന്നവരുമായ പ്രവാസികേരളീയർ അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ മുഖേന പലിശരഹിത സംരംഭകത്വവായ്പകളും പിന്തുണസഹായങ്ങളും നല്കി സാമ്പത്തിക സ്വാശ്രയത്വം നല്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. പദ്ധതിയുടെ സവിശേഷതകൾ ചുവടെ ചേർക്കുന്നു.

റിവോൾവിംഗ് ഫണ്ട് മാതൃകയിൽ സംരംഭങ്ങൾക്ക് സഹായം സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി വായ്പകൾ.

2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പ

2 വർഷത്തിനുള്ളിൽ തിരിച്ചടവ്

**പദ്ധതി നടത്തിപ്പ്**

1. കുടുംബശ്രീ യൂണിറ്റ് മുഖാന്തരം സഹായത്തിന് അപേക്ഷിക്കാവുന്നതാണ്.
2. സംരംഭകത്വ വികസന പരിശീലനം, വൈദഗ്ധ്യ പരിശീലനം എന്നിവ നല്കി സംരംഭത്തിന് സജ്ജമാക്കുന്നതിനോടൊപ്പം സാമ്പത്തികസഹായവും, പിന്തുണാസഹായവും ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കള്ക്ക് നല്കുന്നതാണ്.
3. വായ്പ തിരിച്ചടവായി ലഭിക്കുന്ന തുക മറ്റ് ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം സംരംഭങ്ങളുടെ തുടര് വ്യാപനത്തിനും/ വിപുലീകരണത്തിനുമായി ഉപയോഗിക്കുന്നുണ്ട്.

**നോർക്ക_വകുപ്പ്_പ്രോജക്റ്റ്_ഫോർ_റിട്ടേൺഡ്_എമിഗ്രൻസ്_**

പ്രവാസജീവിതം അവസാനിപ്പിച്ച് മടങ്ങിവരുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകമായിട്ടുള്ള വായ്പാപദ്ധതിയാണ് **നോർക്ക വകുപ്പ് പ്രോജക്റ്റ് ഫോർ റിട്ടേൺഡ്** (NDPREM). പ്രസ്തുത പദ്ധതിയിന് കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിടവ്യവസായം, സര്വ്വീസ് മേഖല, നിര്മ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളില് പദ്ധതിയില് ഉള്പ്പെടുത്തിയിരിക്കുന്ന ബാങ്കുകള് വായ്പ നല്കിവരുന്നുണ്ട്. പുതിയ സംരംഭങ്ങള് തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള പദ്ധതികള്ക്ക് 15% മൂലധന സബ്സിഡിയും 4 വര്ഷത്തേക്ക് 3% പലിശസബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതിരേഖകള് തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുള്ള സഹായം സര്ക്കാര് സ്ഥാപനമായ സി.എം.ഡിവഴിയും ലഭ്യമാക്കുന്നതിന്റെ ഭാഗമായി നിലവില് 18 ധനകാര്യസ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പു വച്ച് വായ്പാ ലഭ്യമാക്കിവരുന്നു.

**സാന്ത്വന_പദ്ധതി**

നിരവധി വർഷങ്ങൾ വിദേശത്ത് ജോലി ചെയ്ത് നാട്ടിൽ മടങ്ങിയെത്തിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്കും അവരുടെ കുടുംബാങ്ങൾക്കും സാമ്പത്തിക സഹായം നൽകുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന ദുരാതാശ്വാസ പദ്ധതിയാണ് സാന്ത്വന. പ്രസ്തുത പദ്ധതിയിലൂടെ, സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ചികിത്സാ ധനസഹായം (പരമാവധി 50,000 രൂപ വരെ) മരണാനന്തര ധനസഹായം (പരമാവധി 1,00,000 രൂപ വരെ) വിവാഹ ധനസഹായം, (പരമാവധി 15,000 രൂപ വരെ) അംഗപരിമിത ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം (പരമാവധി 10,000 രൂപ വരെ) എന്നിവയാണ് നല്കി വരുന്നത്.

**മാനദണ്ഡങ്ങൾ**

അപേക്ഷന്റെ വാർഷിക കുടുംബ വാർഷിക വരുമാനം 1,50,000/-രൂപയിലധികമാവാൻ പാടില്ല.

2) കുറഞ്ഞത് രണ്ടുവർഷം പ്രവാസി ആയിരുന്നിരിക്കണം.

3) തിരിച്ചെത്തിയിട്ട് വിദേശത്ത് ജോലി ചെയ്തത്ര കാലയളവ് അല്ലെങ്കിൽ പത്ത് വർഷം (ഇവയില് ഏതാണോ കുറവ്) ആ സമയ പരിധിക്കുള്ളില് അപേക്ഷ സമർച്ചിരിക്കണം.

4) അപേക്ഷകന് അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുപ്പോഴും വിദേശത്തായിരിക്കുവാന് പാടുള്ളതല്ല.

5) ഇതൊരു ഒറ്റതവണ ധനസഹായ പദ്ധതിയാണ്.

**ആവശ്യമുള്ള രേഖകൾ**

**(I)ചികിത്സാ സഹായം, കൃത്രിമകാല്, വീൽചെയർ, ക്രച്ചസ് എന്നിവയ്ക്കുള്ള സഹായം-** പാസ്സ്പോർട്ട്, റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ തിരിച്ചറിയല് കാർഡ്, ഡോക്ടറുടെ കുറിപ്പുകള്, മെഡിക്കൽ ബില്ലുകൾ , ബാങ്ക് പാസ്ബുക്കിന്റ പകർപ്പ്

(ii)മരണാനന്തര സഹായം –
പാസ്സ്പോർട്ട്, റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ്, ഡെത്ത് സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ തിരിച്ചറിയല് കാർഡ്, വിവാഹ സംബന്ധിച്ച തെളിവ്, റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്, ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്,

(iii) വിവാഹ സഹായം – പാസ്സ്പോർട്ട്, റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ തിരിച്ചറിയല് കാർഡ്, പ്രവാസിയുമായുള്ള ബന്ധത്തിന്റെ തെളിവ് , ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, വിവാഹ സംബന്ധിച്ച തെളിവ്

**നോർക്ക എമർജൻസി റീപാട്രിയേഷൻ ഫണ്ട്, അതിന്റെ ഉപപദ്ധതിയായ നോർക്ക അസ്സിസ്റ്റഡ് ബോഡി റീപാട്രിയേഷൻ പദ്ധതി**

നോർക്ക എമർജൻസി റീപാട്രിയേഷൻ ഫണ്ടും അതിന്റെ ഉപപദ്ധതിയായ നോർക്ക അസ്സിസ്റ്റഡ് ബോഡി റീപാട്രിയേഷൻ പദ്ധതി വഴിയും വിദേശ രാജ്യങ്ങളിൽ നിന്നും പ്രവാസി മലയാളികളെ അടിയന്തിര സാഹചര്യങ്ങളിൽ സർക്കാർ സഹായത്തോടെ സ്വദേശത്തേക്ക് തിരിച്ചെത്തിക്കുന്നതിനും, കൂടാതെ വിദേശ രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസി മലയാളികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനായി വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

**നോർക്കാ അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME)**

പ്രവാസികൾ ആർജ്ജിച്ച അറിവും അനുഭവ പരിചയവും കേരളത്തിലെ എല്ലാ മേഖലയിലുമുള്ള സംരംഭങ്ങൾക്ക് ഉപയോഗ പ്രദമാകുന്നതിലൂടെ തിരികെ എത്തിയ പ്രവാസികൾക്ക് കൂടുതൽ തൊഴിലും തൊഴിൽ അവസരങ്ങളും ലഭ്യമാക്കുകയും ആയതിലൂടെ ഒരു വർഷം ഒരു ലക്ഷം തൊഴിൽ ദിനങ്ങൾ എങ്കിലും തിരികെ വന്ന പ്രവാസികൾക്ക് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച പദ്ധതിയാണ് നോർക്കാ അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME). 28/10/2024 തീയതിയിലെ സ.ഉ.(സാധാ) നം. 974/2024/NORKA ഉത്തരവ് പ്രകാരം ഈ പദ്ധതിയുടെ മാർഗ്ഗ രേഖ അംഗീകരിച്ച് പദ്ധതി നടപ്പിലാക്കി വരികയാണ് .

കേരളത്തിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളിൽ തിരികെ വന്ന പ്രവാസികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനു വേണ്ടിയുള്ള ഒരു പൊതു വേദി ഒരുക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് നോർക്കാ റൂട്സ് ഉദ്ദേശിക്കുന്നത് .

കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ഉപജീവനാർത്ഥം തൊഴിൽ ചെയ്തിട്ടുള്ള നിലവിൽ തൊഴിൽ വിസ ഇല്ലാത്ത അല്ലെങ്കിൽ തിരികെ എത്തിയിട്ട് 6 മാസം കഴിഞ്ഞവരെയാണ് തൊഴിൽ നൽകുന്നതിനായി പരിഗണിക്കുന്നത്.

തൊഴിൽ ദാതാക്കളായി തിരിച്ചെത്തിയ പ്രവാസികൾ അംഗങ്ങളായിട്ടുള്ള സഹകരണ/വ്യവസായ / സമാന വകുപ്പുകളുടെ കീഴിൽ രജിസ്റ്റർ ചെയ്ത തൊഴിൽ/വ്യവസായ/സേവന/സംരംഭ സഹകരണ സംഘങ്ങൾ. കേരളത്തിൽ പ്രവർത്തിച്ച് വരുന്ന Employees' State Insurance Scheme of India (ESI) / Employement Provident Fund (EPF) കൂടാതെ കേന്ദ്ര –സംസ്ഥാന സർക്കാരുകളുടെ ( Udyam, Private/Public Limited Companies, etc) രജിസ്ട്രേഷൻ ഉള്ള സഹകരണ/സ്വകാര്യ വ്യവസായ/വ്യാപാര/സേവന സ്ഥാപനങ്ങൾ എന്നിവരെ പരിഗണിക്കാവുന്നതാണ്. ഇപ്രകാരം തിരികെ വന്ന പ്രവാസികൾക്ക് ഒരു വർഷം പൂർണ്ണമായും തൊഴിൽ നൽകുന്ന സ്ഥാപനങ്ങൾക്ക് ഈ പദ്ധതി പ്രകാരം ഒരു ദിവസത്തെ വേതനത്തിന്റെ 50 % പരമാവധി 400 രൂപ ഇതിൽ ഏതാണോ കുറവ് അതായിരിക്കും Wage compensation ആയി തൊഴിൽ ഉടമയ്ക്ക് അനുവദിക്കുന്നത്. ദിവസവേതനത്തിന്റെ 50 ശതമാനം അല്ലെങ്കിൽ പരമാവധി 400 രൂപ, ഇതിൽ ഏതാണോ കുറവ് അതാണ് ശമ്പളവിഹിതമായി തൊഴിലുടമയ്ക്ക് ലഭിക്കുക (നെയിം പദ്ധതി നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി).

(i)ഒരു ഉദ്യോഗാർത്ഥിക്ക് പ്രതിവർഷം പരമാവധി 100 തൊഴിൽദിനങ്ങളിലെ ശമ്പളവിഹിതം (വേജ് കോമ്പൻസേഷൻ) ആയിരിക്കും ലഭിക്കുക.
(ii) ഒരു സ്ഥാപനത്തിന് പരമാവധി 50 പേരെ നെയിം പദ്ധതിപ്രകാരം നിയമിക്കാവുന്നതാണ്.
(iii) ഒരു ജീവനക്കാരന് ആദ്യത്തെ ഒരുവർഷമേ പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ടാകൂ.

**<u>നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് പദ്ധതി.</u>**

വിദേശ മലയാളികളുടെ ദീർഘകാല ആവശ്യം പരിഗണിച്ചാണ് സാമ്പത്തിക പിന്നാക്കം നിൽക്കുന്നവർക്കായി നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് പദ്ധതി രൂപീകരിച്ചത്. വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ അസുഖബാധിതരായി നാട്ടിൽ എത്തുമ്പോഴും മരണമടയുന്നവരുടെ ഭൗതിക ശരീരം എത്തുമ്പോഴും എയർപോർട്ടിൽ നിന്ന് ആശുപത്രിയിലോ, വീട്ടിലോ എത്തിക്കുന്നതിന് നോർക്ക റൂട്ട്സ് സൗജന്യ ആംബുലൻസ് സേവനം ലഭ്യമാണ്. കേരളത്തിലെയും മംഗലാപുരം, കോയമ്പത്തൂർ എന്നിവിടങ്ങളിലെയും വിമാനത്താവളങ്ങളിൽ നിന്നുമാണ് ഈ സേവനം ഏർപ്പാടാക്കിയിട്ടുള്ളത്. വിദേശരാജ്യങ്ങളില് മരണപ്പെടുന്ന പ്രവാസി മലയാളികളുടെ ഭൗതികശരീരം നാട്ടിലെ വീടുകളിൽ എത്തിക്കുന്നതിനാണ് ആംബുലൻസ് സേവനം ഏർപ്പെടുത്തിയിട്ടുള്ളത്. ഈ സേവനം പൂർണ്ണമായും സൗജന്യമാണ്. വിദേശത്ത് ജോലി ചെയ്യുന്ന സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള മലയാളികള് അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങിവരുമ്പോഴും ആംബുലൻസ് സേവനം ലഭിക്കും. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ മലയാളി പ്രവാസികൾക്ക് കേരളത്തിലെ വിമാനത്താവളങ്ങളിലാണ് ടി സേവനം ലഭിക്കുക. ഇന്ത്യന് മെഡിക്കൽ അസ്സോസിയേഷന്റെ സഹകരണത്തോടെയാണ് നോർക്ക റൂട്ട്സ് ടി പദ്ധതി നടപ്പാക്കുന്നത്.

സെക്ഷൻ ഓഫീസർ